**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിലമ്പൂർ നഗരസഭ - ഗവൺമെന്റ് മാനവേദൻ ഹയർ സെക്കണ്ടറി സ്കൂളിൽ മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിന് സ്ഥലത്തെ മരങ്ങൾ വനംവകുപ്പ് നിശ്ചയിച്ച വിലയിൽ നിന്നും മൂന്നിലൊന്ന് തുക കുറച്ച് ലേലം ചെയ്ത നടപടിയ്ക്ക് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ ) നം.2976/18/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 23/11/2018

---

പരാമർശം: 1) 15/10/2018 തീയതിയിലെ നഗരകാര്യ ഡയറക്ടറുടെ നം.G3/20846/2018 നമ്പർ കത്ത്.

2) 10/02/2010 തീയതിയിലെ GO(Rt)No.68/2018 & F&WL. നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

നിലമ്പൂർ ഗവൺമെന്റ് മാനവേദൻ ഹയർ സെക്കണ്ടറി സ്കൂളിൽ മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിനായി സ്ഥലത്തെ മരങ്ങൾ മുറിച്ചുമാറ്റേണ്ടതുണ്ടെന്നും ടി മരങ്ങൾക്ക് വനംവകുപ്പ് 11,92,323/- രൂപ വില നിശ്ചയിച്ചിരുന്നെന്നും ടി വിലയ്ക്ക് ആരും ലേലം കൈക്കൊണ്ടിട്ടില്ല എന്നും വനംവകുപ്പ് അധികൃതർ നിശ്ചയിച്ച വിലയിൽ നിന്നും മൂന്നിലൊന്ന് കുറച്ച് 8 ലക്ഷം രൂപയ്ക്ക് മരങ്ങൾ ലേലം കൊണ്ടിട്ടുണ്ടെന്നും വനംവകുപ്പ് അധികൃതർ നിശ്ചയിച്ച വിലയേക്കാൾ മൂന്നിലൊന്ന് തുകയ്ക്ക് മരങ്ങൾ ലേലംകൊണ്ട നടപടിയ്ക്ക് സാധൂകരണം നല്കണമെന്നും പരാമർശം ഒന്നിലെ കത്തിൽ നഗരകാര്യ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

ഇക്കാര്യം വിശദമായി പരിശോധിച്ച് നിലമ്പൂർ നഗരസഭ സെക്രട്ടറിയുടെ മേൽപ്പറഞ്ഞ ലേല നടപടി സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, നിലമ്പൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് /എ&ഇ/എൽ.ബി.എ), കേരള
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ